DHS/10278/2023-ED1

I/51189/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ - 2023 -ലെ പൊതു സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1 .സർക്കാർ ഉത്തരവ് (പി ). 3 /2017 /ആ.കു വ തീയതി 25 / 2 / 2017
2 .ഉത്തരവ് ഇ.എച്ച് .1 -7074 /2023 /ആ.വ.ഡ തീയതി 11 / 4 / 2023

**ഉത്തരവ് നം : DHS/10278/2023-ED1 തിയതി : 02-06-2023**

പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ 2023-ലെ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൂനിയർ സുപ്രണ്ട് തസ്തികയിൽ സ്പാർക്ക് പ്രകാരം ലഭ്യമായ കരട് ലിസ്റ്റ് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിൽമേൽ ലഭ്യമായ അപേക്ഷകൾ അപ്പീൽ കമ്മിറ്റി വിശദമായി പരിശോധിച്ചിരുന്നു, ആയതിൻപ്രകാരം ജൂനിയർ സുപ്രണ്ട് തസ്തികയിൽ പൊതുസ്ഥലം മാറ്റം ആവശ്യപ്പെട്ടിരുന്ന ജീവനക്കാർ / കരട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർ എന്നിവർ നിലവിൽ ജോലിനോക്കുന്ന സ്ഥാപനങ്ങളിൽ ഒന്ന്/രണ്ടു വർഷങ്ങൾക്ക് താഴെ മാത്രം സേവന കാലയളവുള്ളവരും, പ്രൊമോഷൻ തസ്തികയിൽ നിയമനം ലഭിച്ചവരും ഉൾപ്പെട്ടിരുന്നു. ആയതിനാൽ പരാമർശം (1) പ്രകാരമുള്ള പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണിക്കാൻ കഴിയുന്നതല്ല .

ഈ സാഹചര്യത്തിൽ ജൂനിയർ സുപ്രണ്ട് തസ്തികയിൽ പരമാർശം (2) പ്രകാരം പ്രസിദ്ധീകരിച്ച പൊതു സ്ഥലംമാറ്റ കരട് ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവിൽ പരാതി ഉള്ള പക്ഷം, senioradmn@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

SOBHA V
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
3. ഫയൽ/കരുതൽ ഫയൽ.

Signed by
Sobha V
Date: 02-06-2023 17:21:05